**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2667** **02-08-2021 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽപ്പെടുന്ന കുറ്റിപ്പുറം, നടുവട്ടം,കോട്ടക്കൽ എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനു വേണ്ടി പ്ലാൻഫണ്ടിലോ മറ്റേതെങ്കിലും ഫണ്ടിലോ ഉൾപ്പെടുത്തി അവ പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കുറ്റിപ്പുറം വില്ലേജ് ഓഫീസിന് അധികമുറി നിർമ്മിക്കുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമായി ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും ടി ഭൂമി റെയിൽവെ ബി ക്ലാസ് കാറ്റഗറിയിൽപ്പെട്ടതായതിനാൽ നിർമ്മാണ പ്രവർത്തി നടത്തുവാൻ സാധിച്ചിട്ടില്ല. കോട്ടയ്ക്കൽ വില്ലേജ് ഓഫീസ് മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഓരോ സാമ്പത്തിക വർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു/ അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്. നടുവട്ടം വില്ലേജ് ഓഫീസിനെ നവീകരണം വഴി സ്മാർട്ട് വില്ലേജ് ഓഫീസാക്കുവാൻ 2020-21 പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ നിന്നും ജില്ലാധികൃതർ തയ്യാറാക്കുന്ന പ്രൊപ്പോസൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഓരോ സാമ്പത്തിക വർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു/ അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്. |
| (സി) | മലപ്പുറം ജില്ലാകളക്ടർ 2020-21, 2021-22 എന്നീ വർഷങ്ങളിലേയ്ക്ക് തയ്യാറാക്കിയ പ്രൊപ്പോസലിൽ കോട്ടക്കൽ മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയ വില്ലേജുകൾ ഏതെല്ലാമാണ്; വ്യക്തമായ വിവരം ലഭ്യമാക്കുമോ? | (സി) | മലപ്പുറം ജില്ലാകളക്ടർ 2020-21, 2021-22 എന്നീ വർഷങ്ങളിലേയ്ക്ക് തയ്യാറാക്കിയ പ്രൊപ്പോസലിൽ കോട്ടക്കൽ മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയ വില്ലേജുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**മലപ്പുറം ജില്ലാകളക്ടർ 2020-21, 2021-22 എന്നീ വർഷങ്ങളിലേയ്ക്ക് തയ്യാറാക്കിയ പ്രൊപ്പോസലിൽ കോട്ടക്കൽ മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയ വില്ലേജുകളുടെ വിശദാംശങ്ങൾ**

| ക്രമ നം. | സാമ്പത്തിക വർഷം | വില്ലേജ് | പദ്ധതി | റിമാർക്സ് |
|---|---|---|---|---|
| 1 | 2020-21 | മാറാക്കര | ചുറ്റമതിൽ | പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 2 | 2020-21 | കാട്ടിപ്പരുത്തി | അറ്റകുറ്റപ്പണി | പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 3 | 2020-21 | പൊൻമള | അധികമുറി | ശിപാർശ പരിഗണനയിലാണ്. |
| 4 | 2020-21 | നടുവട്ടം | അധികമുറി | പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നവീകരണം വഴി സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 5 | 2020-21 | ഇരുമ്പിളിയം | സ്മാർട്ട് വില്ലേജ് ഓഫീസ് | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 6 | 2021-22 | മാറാക്കര | അറ്റകുറ്റപ്പണി | ശിപാർശ പരിഗണനയിലാണ്. |
| 7 | 2021-22 | എടയൂർ | അറ്റകുറ്റപ്പണി | ശിപാർശ പരിഗണനയിലാണ്. |